പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1989 26-10-2026-ൽ മറുപടിയ്ക്ക്

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ഉല്ലാസ് കോവൂർ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർ തസ്തികകളുടെ എണ്ണവും നിലവിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ 15 തസ്തികകളാണ് നിലവിലുള്ളത്. ജോലി ചെയ്യുന്ന ഡോക്ടർമാരുടെ എണ്ണം 16. ആയത് ചുവടെ ചേർക്കുന്നു.

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)	- 1
ജൂനിയർ കൺസൾട്ടന്റ് (ഇ എൻ ടി)	- 1
ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)	- 1
ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)	- 2
ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)	- 1
ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)	- 1
ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)	- 1
കൺസൾട്ടന്റ് (പീഡിയാട്രിക്സ്)	- 1
കൺസൾട്ടന്റ് (ഗൈനക്കോളജി)	- 1
അസിസ്റ്റന്റ് ഡെന്റൽ സർജൻ	- 1
കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ	- 4
ആർ എം ഒ	- 1

(ബി) ഈ ആശുപത്രിയിലെ നിലവിലെ ഡോക്ടർമാരുടെ ക്ഷാമം രോഗികളുടെ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അടിയന്തരമായി പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഡോക്ടർമാരുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യാലിറ്റി തസ്തികയിൽ നിലവിൽ ഒഴിവില്ല.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ലഭ്യമായിട്ടില്ല.

(സി) ഒ.പി വിഭാഗങ്ങളും കിടത്തിച്ചികിത്സാ സൗകര്യങ്ങളും വർദ്ധിച്ചുവരുന്ന ഈ ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഡോക്ടർമാരുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യാലിറ്റി തസ്തികയിൽ നിലവിൽ ഒഴിവില്ല.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ